"ഭരണഭാഷ – മാതൃഭാഷ"

ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ.ഇ1/57/ടിസി/2017

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ*
*തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി 1 .03.2018

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ടാക്സ് അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നത് - സംബന്ധിച്ച്.

സൂചന :- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 28-02-2018 തീയതിയിലെ മീറ്റിംഗിലെ നിർദ്ദേശം

പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ടാക്സ് അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ ടാക്സ് അടയ്ക്കുന്നതിൽ വിമുഖത കാണിക്കുന്നതായി മനസ്സിലാകുന്നു. ആംനസ്റ്റി സ്കീം പ്രകാരം ഏപ്രിൽ 30 – നകം ടാക്സ് അടയ്ക്കുന്ന വാഹനങ്ങൾക്ക് അഡീഷണൽ ടാക്സും മറ്റും ഒഴിവാക്കി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് ടാക്സ് അടയ്ക്കുന്നതിന് സമയം അനുവദിച്ചതായി കണക്കാക്കേണ്ടതില്ല.

ആയതിനാൽ ടാക്സ് പിരിച്ചെടുക്കുന്നത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ ഷോകോസ് നോട്ടീസ് എല്ലാ വാഹന ഉടമകൾക്കും 2018 മാർച്ച് 3-ാം തീയതിക്കകം നൽകി നടപടികൾ സ്വീകരിച്ച് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

01.3.2018

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

പിഎസ്

മോട്ടോർ വാഹന വകുപ്പ്, കേരള

ഭരണഭാഷ മലയാളം

നോട്ടീസ് നമ്പർ:.................................

## Demand/Show Cause Notice

താങ്കളുടെ ................................എന്ന രജിസ്റ്റർ നമ്പരായുള്ള വാഹനം പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് നിരന്തരമായി കേരളത്തിൽ ഉപയോഗിച്ചുവരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒടുക്കേണ്ടതായിട്ടുള്ള നികുതി ഈ നോട്ടീസിലെ തീയതി മുതൽ 15 ദിവസത്തിനകം ഒടുക്കേണ്ടതാണ് . അല്ലാത്ത പക്ഷം ഇനി മറ്റൊരറിയിപ്പും കൂടാതെ വാഹനം പിടിച്ചെടുക്കുന്നതടക്കമുള്ള എതു നിയമ നടപടിയും സ്വീകരിക്കുന്നതായിരിക്കും.

ഇക്കാര്യത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുള്ള പക്ഷം ആയതു നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

ആർടീഓ /ജോയിന്റ് ആർടീഓ

സ്ഥലം:

തീയതി:

സ്വീകർത്താവ്: